LIBRARY ARCHIVES Kerala Legislative Assembly

മദ്യദുരന്തങ്ങൾ ഒഴിവാക്കാൻ മുൻകരുതലുകൾ

75(2327) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ലെ പാലക്കാട് മദ്യദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരത്തിലുള്ള ദുരന്തങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) പ്രസ്തുത മദ്യദുരന്തത്തിന് ഇരയായവരുടെ കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിരുന്നത് ; ഇവ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാലക്കാട് മദ്യദുരന്തം ഉണ്ടായിട്ടില്ല. മലപ്പുറം മദ്യദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരത്തിലുള്ള ദുരന്തങ്ങൾ ഒഴിവാക്കാൻ പാലക്കാട് ജില്ലയിലെ വിദേശ മദ്യഷോപ്പുകൾ, കള്ള്ഷോപ്പുകൾ എന്നിവ നിരന്തരം പരിശോധന നടത്തിവരുന്നു. ചെത്തിയെടുക്കുന്ന കള്ള് മാത്രമേ, കള്ളുഷാപ്പുകളിൽ കൂടി വിൽപ്പന നടത്തുന്നുള്ളു എന്ന് ഉറപ്പാക്കിയിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിലുണ്ടായ മദ്യ ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അഞ്ച് ലക്ഷം രൂപാ വീതം ധനസഹായം അനുവദിച്ച് ഉത്തരവായിരുന്നു. കൂടാതെ, പ്രസ്തുത മദ്യദുരന്തത്തിൽ കാഴ്ച പൂർണ്ണമായും നഷ്ട്ടപ്പെട്ടവർക്ക് നാല് ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചും ഉത്തരവായിരുന്നു. ഇതിനുപുറമേ പ്രസ്തുത മദ്യ ദുരന്തവുമായി ബന്ധപ്പെട്ട് ചികിത്സയിലായിരുന്നവരുടെ ചികിത്സാ ചെലവും ടി ദുരന്തത്തിൽ മരിച്ചവരുടെ കുട്ടികളുടെ വിദ്യാഭ്യാസ ചെലവും സർക്കാർ വഹിക്കുന്നതിന് ഉത്തരവായിരുന്നു. മേൽപറഞ്ഞ ആനുകൂല്യങ്ങളുടെ വിതരണം സംബന്ധിച്ച വിവരം ശേഖരിച്ചു വരികയാണ്.

ചാരായ തൊഴിലാളികളുടെ ആശ്രിതരുടെ നിയമനം

76(2328) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹു. ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം ബിവറേജസ് കോർപ്പറേഷനിൽ നിയമനം ലഭിച്ച ചാരായതൊഴിലാളികളുടെ ആശ്രിതർക്ക് മദ്യവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗത്വം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരത്തിൽ നിയമിക്കപ്പെട്ട തൊഴിലാളികളുടെ അടിസ്ഥാന ശമ്പളം നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) അടിസ്ഥാന ശമ്പളം നൽകി സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ബഹു. ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം ബിവറേജസ് കോർപ്പറേഷനിൽ നിയമനം ലഭിച്ച ചാരായ തൊഴിലാളികളുടെ ആശ്രിതർക്ക് മദ്യ വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗത്വം നൽകിയിട്ടുണ്ട്.

(ബി&സി) 2001-നു നിയമിച്ച അബ്കാരി തൊഴിലാളികൾക്കു ലഭിക്കുന്ന സ്കെയിൽ ഓഫ് പേയും മറ്റാനുകൂല്യങ്ങളും ഈ വിഭാഗത്തിനു കൂടി നല്കണമെന്ന് മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്.

വിദേശ മദ്യഷാപ്പുകൾ

77(2329) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി അനുവദിച്ച വിദേശമദ്യഷാപ്പുകളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) ഈ കാലയളവിൽ പുതുതായി അനുവദിച്ച ബാറുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരാധനാലയങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി ബാറുകളും, മദ്യഷാപ്പുകളും പാലിക്കേണ്ട ദൂരപരിധിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ദൂരപരിധി ലംഘനം സംബന്ധിച്ച് 2010-ൽ പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നല്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ബി.സി., പുതുതായി താഴെ പറയുന്ന 33 വിദേശമദ്യഷാപ്പുകൾ അനുവദിച്ചിട്ടുണ്ട്.

ജില്ല	എണ്ണം
തിരുവനന്തപുരം	7
കൊല്ലം	6
പത്തനംതിട്ട	3
ആലപ്പുഴ	2
കോട്ടയം	2
ഇടുക്കി	2
എറണാകുളം	4
തൃശൂർ	4
പാലക്കാട്	2
കണ്ണൂർ	1
ആകെ	33

LIBRARY ARCHIVES Kerala Legislative Assembly